പതിനാലാം കേരളനിയമസഭ
പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4389 | 21.03.2018-ൽ മറുപടിക്ക് |
|---|---|

## വിദേശ ബ്രീഡ് നായകൾ ഉയർത്തുന്ന സുരക്ഷാ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>,, ഗീതാ ഗോപി<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ. ആശ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിദേശ ബ്രീഡ് നായകളോടുള്ള വർദ്ധിച്ചുവരുന്ന പ്രിയം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വയനാട്, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ബ്രീഡ് നായ്ക്കളോടുള്ള പ്രിയം വർദ്ധിച്ചുവരുന്നതായി കാണുന്നു. |
| (ബി) | നായ വിപണിയിൽ മുന്തിയ ഇനം വിദേശ ബ്രീഡ് നായ്ക്കളുടെ കടന്നുവരവോടുകൂടി സുരക്ഷാ പ്രശ്നങ്ങൾ, അപകട സാധ്യത എന്നിവ ഏറി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന നിലയുണ്ടാകുന്ന സ്ഥിതി അനുവദിക്കുന്നതല്ല. അതിനായി വിശദമായ പരിശോധന ആവശ്യമാണ്. |
| (സി) | ഒറ്റ ഉടമയെ മാത്രം അനുസരിക്കുന്ന ജർമ്മൻ ജനുസ്സായ റോട്ട് വീലറിന്റെ ആക്രമണത്തിൽ വയനാട് വൈത്തിരിയിൽ വീട്ടമ്മ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് വൈത്തിരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 57/18 u/s. 289, 304(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതിയിൽ നിന്നും ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. |
| (ഡി) | അപകടകാരികളായ നായജനുസ്സുകളെ വീട്ടിൽ വളർത്തുന്നത് നിരോധിക്കുന്നതിന് തയ്യാറാകുമോ? | (ഡി) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ